പ്രമേയം-01

# വികസന വിരോധികളെ ഒറ്റപ്പെടുത്തുക

കേരളസംസ്ഥാനം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ സർക്കാർ വ്യവസായ വികസനത്തിനു വേണ്ടി സന്തുലിതവും സമഗ്രവുമായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. മുപ്പത്തിയൊമ്പത് പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ടത്തിൽ നിന്ന് കരകയറ്റി ലാഭത്തിലാക്കിയത് ഈ സർക്കാരാണ്. അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും നാടിന്റെ സമഗ്ര വികസനത്തിനും വ്യവസായ വളർച്ച അത്യാവശ്യമാണ്. എന്നാൽ അനാവശ്യമായ വിവാദങ്ങൾ കുത്തിപ്പൊക്കിയും അക്രമ സമരങ്ങൾ അഴിച്ചു വിട്ടും വ്യവസായങ്ങളെ ഇല്ലാതാക്കി ഇടതുപക്ഷത്തിന്റെ വികസന അജണ്ടയെ തകർക്കാനുള്ള നിഗൂഢവും തുറന്നതുമായ ശ്രമങ്ങളെ പുരോഗമന കലാ സാഹിത്യ സംഘം സംസ്ഥാനസമ്മേളനം ശക്തമായ ഭാഷയിൽ അപലപിക്കുന്നു. എച്ച് എം ടി ഭൂമി ഇടപാട് വിവാദമാക്കിയതിന്റെ പേരിൽ; കുടിയൊഴിപ്പിക്കലോ സ്വകാര്യ സ്വത്തേറ്റെടുക്കലോ പരിസ്ഥിതി ദുർബല പ്രദേശങ്ങളേറ്റെടുക്കലോ നെൽവയൽ നികത്തലോ ഇല്ലാത്തതും, കോടിക്കണക്കിന് രൂപ നിക്ഷേപവും ആയിരക്കണക്കിന് യുവാക്കൾക്ക് തൊഴിലും പ്രതീക്ഷിച്ചിരുന്നതുമായ വ്യവസായ വൽക്കരണം ഇല്ലാതാക്കാൻ ഈ ജനവിരുദ്ധ ശക്തികൾക്ക് സാധ്യമായി. ഒരു വർഷം കഴിഞ്ഞപ്പോൾ ഉന്നത നിയമപീഠങ്ങളെല്ലാം കേരള സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നടപടികൾ നിയമാനുസൃതം തന്നെയായിരുന്നു എന്ന് വിധി പുറപ്പെടുവിക്കുകയുണ്ടായി എന്നത് മാധ്യമങ്ങൾ തമസ്കരിച്ചാലും ചരിത്രയാഥാർത്ഥ്യമമായി നിലനിൽക്കും. കിനാലൂരിലും ഇത്തരത്തിലുള്ള ദുഷ്പ്രചാരണമാണ് കൊണ്ടു പിടിച്ചിരിക്കുന്നത്. വ്യാജ ഇടതുപക്ഷവും മതമൗലികവാദികളും വലതുപക്ഷവും മാധ്യമങ്ങളും ചേർന്ന് കേരളത്തിന്റെ വ്യവസായ വളർച്ചയെയും സർക്കാരിന്റെ സ്വതന്ത്രമായ പ്രവർത്തനത്തെയും അസാധ്യമാക്കുന്ന പ്രവണത ജനാധിപത്യ കേരളം തിരിച്ചറിയണമെന്നും ഇത്തരം കുടിലശക്തികളെ ഒറ്റപ്പെടുത്തണമെന്നും സമ്മേളനം ആഹ്വാനം ചെയ്യുന്നു.